# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ ശ്രീമതി.അനുപമ.റ്റി.വി.ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,SCPS)

വിഷയം : വനിത ശിശു വികസന വകുപ്പ്-ഐ.സി.പി.എസ്-ഓ.ആർ.സി. യുടെ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ സൈക്കോളജിസ്റ്റ്മാർക്ക് 2020 ഒക്ടോബർ മുതൽ 2021 ഫെബ്രുവരി വരെയുള്ള വേതനം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) 15.11.2017 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നം. 32.
(2) G.O (Rt) No.241/2020/SJD. Dated : 19.06.2020.
(3) 22.06.2020 ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നമ്പർ ICPS 4(C)/1197/20 തീയതി: 02.11.2020

വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി) പദ്ധതി പ്രകാരം തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ ഓ.ആർ.സി. ജില്ലാ റിസോഴ്സ് സെന്ററുകളിൽ നിയമിതരായ സൈക്കോളജിസ്റ്റുമാരുടെ പ്രതിമാസ വേതനം 22,000/- രൂപയാണ്.

പരാമർശം (1) പ്രകാരം യൂണിസെഫിന്റെ സഹായത്തോടെ നിയമിതരായ സൈക്കോളജിസ്റ്റുമാരെ ഓ.ആർ.സി. സ്റ്റേറ്റ് ഫണ്ടിന്റെ സഹായത്തോടെ തുടർന്നും നിലനിർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പരാമർശ്ശം (2) പ്രകാരം ഓ.ആർ.സി. ക്ക് 2020-21 സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പരാമർശം (3) പ്രകാരം 2020 സെപ്റ്റംബർ മാസം വരെയുള്ള വേതനം അനുവദിച്ചിട്ടുണ്ട്. സൈക്കോളജിസ്റ്റുമാർക്ക് 2020 ഒക്ടോബർ മാസം മുതൽ 2021 ഫെബ്രുവരി മാസം വരെയുള്ള വേതനം അനുവദിക്കേണ്ടതുണ്ട്. തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ ജീവനക്കാർ കരാർ അടിസ്ഥാനത്തിലാണ് തുടരുന്നത്. എറണാകുളം, വയനാട് എന്നീ ജില്ലകളിലെ ജീവനക്കാർ ദിവസ വേതന അടിസ്ഥാനത്തിലുമാണ് തുടരുന്നത്. ടി ജീവനക്കാർക്ക് അർഹമായ വേതനം നൽകുന്നതിന് താഴെ പറയുന്നതു പ്രകാരം തുക അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | അനവദിക്കേണ്ട ജില്ല | ആകെ തുക | നീക്കിയിരിപ്പുള്ള തുക | അനുവദിക്കേണ്ട തുക |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 1,10,000/- രൂപ (22,000*5) | 19,557/- | 90,443/- |
| 2 | ഇടുക്കി | 1,10,000/- രൂപ (22,000*5) | 13,547 | 96,453/- |
| 3 | എറണാകുളം | 1,10,000/- രൂപ (22,000*5) | 45,654/- | 64,346/- |
| 4 | തൃശ്ശൂർ | 1,10,000/- രൂപ (22,000*5) | 30,145/- | 79,855/- |
| 5 | മലപ്പുറം | 1,10,000/- രൂപ (22,000*5) | 19,108/- | 90,892/- |

| | | | | |
|---|---|---|---|---|
| 6 | കോഴിക്കോട് | 1,10,000/- രൂപ (22,000*5) | 18,823/- | 91,177/- |
| 7 | വയനാട് | 1,10,000/- രൂപ (22,000*5) | 43,403/- | 66,597/- |
| **ആകെ തുക** | | **7,70,000/-** | **1,90,237/-** | **5,79,763/-** |

ഓ.ആർ.സി. സൈക്കോളജിസ്റ്റുമാർക്ക് വേതന ഇനത്തിൽ 2020 ഒക്ടോബർ മാസം മുതൽ 2021 ഫെബ്രുവരി മാസം വരെയുള്ള അഞ്ച് മാസ കാലയളവിലേയ്ക്ക് ആകെ **5,79,763/-രൂപ ( അഞ്ച് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം)** ഓ.ആർ.സിയുടെ ശീർഷകമായ **2235 – 02 – 102 - 36 (P) 01** ലെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന കംപോണന്റിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ മുഖാന്തിരം പ്രസ്തുത തുക അതാതു ഡി.സി.പി.ഒ. മാർക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്.

ബന്ധപ്പെട്ട ഡി.സി.പി.ഒ. മാർ അതത് ജില്ലകളിലെ ഓ.ആർ.സി. സൈക്കോളജിസ്റ്റുമാർക്ക് തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകേണ്ടതും ടി തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഇക്കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി, SCPS**

പകർപ്പ്:

1. **ജില്ലാ വനിത ശിശു വികസന ഓഫീസർമാർ**
   (തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്)
2. **ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ**
   (തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്)
3. സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,
4. ICPS 4
5. സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്